**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ മരണമടഞ്ഞ കെ. മണിയൻ എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ. എം. ഹരിലാലിന് ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.( കൈ) നം.**58/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **01/06/2019**

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ശ്രീ. എം. ഹരിലാലിന്റെ 03.10.2011 ലെ അപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 09.03.2016, 30.12.2017 എന്നീ തീയതികളിലെ ഇ 14-22596/14 നം. കത്ത്.
4) ആലപ്പുഴ ജില്ലാ കളക്ടറുടെ 24.10.2018 ലെ A7/11609/2018/കെഡിസ് നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ മരണമടഞ്ഞ കെ. മണിയന്റെ മകനും ആശ്രിതനുമായ ശ്രീ. എം. ഹരിലാലിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു. പരേതനായ കെ. മണിയന് 23 വർഷവും 03 മാസവും 29 ദിവസവും സേവനകാലമുണ്ട്.

2. ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ 07.04.2011 ലാണ് കെ. മണിയൻ നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ. എം. ഹരിലാൽ പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 18.05.1977 ആണ്. അപേക്ഷകന് 42 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ പത്താം ക്ലാസ്സ് പരീക്ഷ പാസ്സായിട്ടില്ല. പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതനായ കെ. മണിയന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 8,400/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും ആലപ്പുഴ ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ മരണമടഞ്ഞ കെ. മണിയന്റെ ആശ്രിതൻ ശ്രീ.എം. ഹരിലാലിന്റെ (തറപ്പാട്ടുലക്ഷംവീട്ട്, പള്ളിപ്പാട്ടുമുറി, തൃക്കുന്നപ്പുഴ.പി.ഒ, ആലപ്പുഴ ജില്ല) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

5. മരണമടഞ്ഞ കെ. മണിയന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.എം. ഹരിലാൽ (തറപ്പാട്ടുലക്ഷംവീട്ട്, പള്ളിപ്പാട്ടുമുറി, തൃക്കുന്നപ്പുഴ.പി.ഒ, ആലപ്പുഴ ജില്ല)
(രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, ആലപ്പുഴ
സെക്രട്ടറി, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/116/16/തസ്വഭവ)

ഉത്തരവിൻപ്രകാരം
Danya MS
സെക്ഷൻ ഓഫീസർ